(ഡി) കാസർകോഡ് കസ്ബ കടപ്പുറത്ത് കടൽഭിത്തി നിർമ്മിക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 82 കി. മീ.

(ബി) 16.430 കി. മീ.

(സി) 16 കി. മീ.

(ഡി) കസ്ബ കടപ്പുറത്ത് 350 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതി നുവേണ്ടി 43 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

പൂർത്തീകരിച്ച കടൽ ഭിത്തിയുടെ കേടുപാടുകൾ

63 [1041] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽഭിത്തി പൂർത്തീകരിച്ചതിനുശേഷം കേടുപാടുകൾ സംഭവി ച്ചിട്ടുണ്ടോ; എങ്കിൽ എത്ര മീറ്റർ കടൽഭിത്തിക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്; സബ് ഡിവിഷനടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) കടൽഭിത്തിയുടെ കേടുപാടുകൾ തീർക്കുന്നതിനായി ഇതിനകം എന്തു തുക ചെലവായിട്ടുണ്ട്;

(സി) 2004 മാർച്ച് 1 വരെ മെയിന്റനൻസിനായി ചെലവഴിച്ച സംഖ്യ എത്രയെന്ന് സബ് ഡിവിഷനടിസ്ഥാനത്തിൽ അറിയിക്കാമോ?

ഉത്തരം

(എ, ബി ആന്റ് സി) വിവരം ശേഖരിച്ചുവരുന്നു.

കാലവർഷംമൂലം കരുവാൻതിരുത്തി ചാലിയാർ പുഴയോരത്തുണ്ടായ നാശനഷ്ടം

64 [1042] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തമായ കാലവർഷത്തെ തുടർന്ന് കരുവാൻ തിരുത്തി ഭാഗത്തെ ചാലിയാർ പുഴയോരം ഇടിഞ്ഞു ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന വിവരം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പുഴയോരം കെട്ടി സംരക്ഷിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി നിർദ്ദേശം നൽകുമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ആവശ്യമായ തുക ഇതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഫണ്ടിനത്തിൽ സർക്കാരിന്റെ കൈവശം നീക്കിയിരിപ്പുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മേയ്, ജൂൺ മാസങ്ങളിലുണ്ടായ അതിശക്തമായ പ്രകൃതിക്ഷോഭംമൂലം ഫറോക്ക് പഞ്ചായത്തിലെ കരുവൻ തിരുത്തി പ്രദേശത്ത് ഏകദേശം 300 മീറ്റർ നീളത്തിൽ ശരാശരി 5 മീറ്റർ വീതിയിൽ ചാലിയാറിന്റെ ഇടതുകര ഇടിഞ്ഞ് നാശ നഷ്ടങ്ങൾ ഉണ്ടായിട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഭാഗത്ത് സംരക്ഷണഭിത്തി കെട്ടുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

ആലപ്പുഴയിലെ ചെറിയ കനാലുകളും ഇടത്തോടുകളും വൃത്തിയാക്കാൻ നടപടി

65 [1043] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ ചെറിയ കനാലുകളും ഇടത്തോടുകളും വൃത്തിയാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഇല്ലെങ്കിൽ ഇതിനു വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ ആന്റ് ബി) ആലപ്പുഴ നഗരത്തിലെ കനാലുകളും ഇടത്തോടുകളും വൃത്തിയാക്കുന്നതിനായി ടൂറിസം വകുപ്പിന്റെ ധനസഹായത്തോടുകൂടി 'ആലപ്പുഴയിലെ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും' വേണ്ടി ഒരു പ്രവൃത്തി ജലവിഭവ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 150.25 ലക്ഷം രൂപയുടെ ഭരണാനുമതിയും 121.50 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകുകയും 50% പ്രവൃത്തികൾ പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ബാധകമല്ല.

കേരള വാട്ടർ അതോറിറ്റിയുടെ ധവള പത്രവും ഒഴിവുള്ള തസ്തികകളിലെ നിയമനവും

66 [1044] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ധവളപത്രം എന്ന് നിലവിൽ വന്നു;

LIBRARY ARCHIVES Kerala Legislative Assembly